Rama Varmha Tampuran.—That question is being considered.

Mr. K. T. Mathew.—If that is being considered may I know how long the Government will take to consider and arrive at a decision ?

Rama Varmha Tampuran,—I cannot give a definite answer in months or weeks. I thought the Member was submitting about the revision of the pay of the typists. I thought this has reference to that. The other question that the Hon'ble Member referred to now is being considered.

Vadakkancheri Panchayat—resolution to improve Vadakkancheri Town.

228. **Mr. P. Kumaran Ezhuthassan.**—Will the Government be pleased to state:—

(a) whether the Vadakkancheri Panchayat had submitted to the Registrar of Panchayats in Meenam 1108 a resolution regarding the improvement of the Vadakkancheri town;

(b) was it placed before the Government by the Registrar;

(c) what are the Government orders regarding the proposal;

(d) will copies of the resolutions 2 and 2 (a) dated 6th Meenam 1108 of the Vadakkancheri Panchayat and any orders passed thereon by any in authority be placed on the Council table?

Mr. P. V. Raphael.—(a) Yes.

(b) No.

(c) The question does not arise in view of answer to (b).

(d) Copies of the resolutions and a copy of the Registrar's order thereon are appended (*Appendix IV* (*a*) *and* (*b*).

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—ഇവിടെ മറുപടി പറഞ്ഞിട്ടുള്ളതു", വടക്കാഞ്ചേരി പട്ടണത്തെ ഒരു പട്ടണമാക്കി തീർക്കണമെന്നു് വടക്കാഞ്ചേരി പഞ്ചായത്തിൽനിന്നു് റസലൂഷൻ മുഖാന്തിരം ആവശ്യപ്പെട്ടിട്ടുണ്ടെന്നാണു്. റസലൂഷൻ ഇതാണു്, "വടക്കാഞ്ചേരി പട്ടണം തലപ്പള്ളി താലൂക്കിന്റെ തലസ്ഥാനമാകയാലും, ഒരു തലസ്ഥാനപട്ടണത്തിനു വേണ്ടുന്നതായ ഗതാഗത മാർഗ്ഗങ്ങൾ മുതലായസൌകര്യങ്ങൾ വേണ്ടവിധം ഇല്ലാത്തതിനാലും, കുന്നംകുളം പട്ടണത്തിന്റെ ഇപ്പോഴത്തെ സ്ഥിതിയും കാരണം ഗവർമ്മെണ്ടിൽ നിന്നും പട്ടണപരിഷ്കരണത്തിനു വേണ്ടുന്ന ഏർപ്പാടുകൾ എല്ലാംനേരിട്ടു നടത്തിയതിനാൽ അയയ്ക്കുകൊണ്ടും ഈ പട്ടണപരിഷ്കാരത്തിലേയ്ക്കു ഗൌൺമെന്റ് ഇംപ്രൂവ്മെന്റ് കമ്മിറ്റി ഏർപ്പാടു ചെയ്തു ഗവർമ്മെണ്ടിൽ നിന്നും നേരിട്ടു ഭരണം നടത്തുന്നതു നന്നായിരിക്കുമെന്നും എന്നാൽ അതിലേയ്ക്കു ഉദ്ദേശം

LIBRARY ARCHIVES Kerala Legislative Assembly

ഫ,൦൦൦ ക. വരെ ചിലവു മൊത്തമായി വേണ്ടിവരുന്നതാണെന്നും അതു ഒരുമിച്ചുനവദിച്ചു കിട്ടുവാനെളുപ്പമല്ലാത്തതിനാൽ നാലഞ്ചു കൊല്ലമായിട്ടെങ്കിലും അനുവദിച്ചു കിട്ടേണ്ടതാണെന്നും കമ്മറിയെ ഇപ്പോൾ തന്നെ നിശ്ചയിച്ചു. എന്തെല്ലാം പരിഷ്കാരങ്ങളാണു വേണ്ടതെന്നു ഒരു സ്കീം തയ്യാറാക്കിക്കേണ്ടതാണെന്നും ഇന്നു യോഗത്തിൽ മെമ്പർമാർ അഭിപ്രായപ്പെടുകയും വിവരം ഗവമ്മെണ്ടിലേയ്ക്കു അറിയിപ്പാനായി വില്ലേജുപഞ്ചായത്തു രജിസ്ട്രാർ അവർകൾക്കു എഴുതിഅയപ്പാൻ തീരുമാനിയ്ക്കുകയും ചെയ്തു. ഈ അക്ഷേപ ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽ കൊണ്ടുവരാതിരിക്കുവാൻ രജിസ്ട്രാർ അവർകൾക്കു വല്ല പ്രത്യേക കാരണങ്ങളുമുണ്ടോ

മിസ്റ്റർ പി. വി. റാഫേൽ.—പഞ്ചായത്തിൽ നിന്നും എഴുതി അയക്കുന്നതു മുഴുവൻ ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽ കൊണ്ടുവരണമെന്നില്ല. പഞ്ചായത്തിൽ നിന്നു പ്രത്യേകിച്ചു ദിവാൻജി അവർകൾക്കു് എന്തെങ്കിലും എഴുതിയാൽ മാത്രമേ അതു ഗവമ്മെണ്ടിലേയ്ക്കു് അയച്ചുകൊടുക്കാറുള്ളു. മറുള്ളതു പഞ്ചായത്തു രജിസ്ട്രാർ തന്നെ നോക്കി ആവശ്യമാണെന്നു കണ്ടാൽ അയയ്ക്കും. അല്ലാത്തതു രജിസ്ട്രാർക്കു തന്നെ തീരുമാനിയ്ക്കുവാനവകാശമുണ്ടു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—അനുബന്ധത്തിൽ ചേർത്തിരിക്കുന്ന പ്രകാരമുള്ള പരിഷ്കാരങ്ങൾ വടക്കാഞ്ചേരിയ്ക്കു് ആവശ്യമുള്ളതല്ലെന്നാണൊ ധരിയ്ക്കേണ്ടതു്?

മിസ്റ്റർ പി. വി. റാഫേൽ.—അങ്ങിനെയല്ല ധരിയ്ക്കേണ്ടതു്. പട്ടണപരിഷ്കാരത്തിനു് ഫ,൦൦൦ ക. വേണമെന്നാവശ്യപ്പെട്ടിട്ടുണ്ടു്. അതു നാലഞ്ചു കൊല്ലമായിട്ടെങ്കിലും അനുവദിച്ചു കിട്ടേണ്ടതാണെന്നു പറഞ്ഞിരിയ്ക്കുന്നു. അത്രത്തോളം സംഖ്യ ഇപ്പോൾ ചിലവു ചെയ്യുവാനുമുണ്ടു്. അതിൽ കൂടുതലായി ചിലവു ചെയ്യുവാൻ നിവൃത്തിയില്ല.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—വടക്കാഞ്ചേരി പട്ടണം തലപ്പിള്ളി താലൂക്കിന്റെ തലസ്ഥാനമാണെന്നു മെമ്പക്കറിയാമോ?

മിസ്റ്റർ പി. വി. റാഫേൽ.—അറിയാം. ഇപ്പോൾ നിവൃത്തിയുള്ളിടത്തോളമുള്ള സൌകര്യങ്ങൾ ചെയ്തുകൊടുത്തുവരുന്നുണ്ടു്. അതിൽ കൂടുതൽ സൌകര്യം ചെയ്തുകൊടുക്കേണ്ടതാണൊ അല്ലയോ എന്നു് പഞ്ചായത്തു രജിസ്ട്രാർക്കു് അറിവില്ല. ഇനിയും കൂടുതൽ സൌകര്യങ്ങൾ ചെയ്തുകൊടുക്കുവാൻ ശ്രമിച്ചുവരുന്നുമുണ്ടു്. അതിലേയ്ക്കു് അയ്യായിരം ഉറുപ്പികയോളം ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുമുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ.—ഇപ്പോഠം കൊടുക്കുന്നതു കൊണ്ടു് അവർ തൃപ്തിപ്പെടുന്നുല്ലെന്നും അതിലേക്കു് ഒരു പദ്ധതി തീർച്ചപ്പെടുത്തണമെന്നുമല്ലേ ആ റസലൂഷനിലെ താല്പര്യം?

മിസ്റ്റർ പി. വി. റാഫേൽ.—ബഡ്ജറ്റിൽ 8,000 രൂപാ ആവശ്യപ്പെട്ടതിൽ 5,000-നു താഴെ വരെയുള്ള ഒരു സംഖ്യ അനുവദിച്ചതായിട്ടു കാണുന്നുണ്ടു്. അവർ ആവശ്യപ്പെട്ടതനുസരിച്ചു കൊടുത്തുവരുന്നുമുണ്ടു്.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ.—ആവശ്യപ്പെട്ടതു് എന്താണെന്നാണു് രജിസ്ട്രാക്കു് മനസ്സിലായതു്?

മിസ്റ്റർ പി. വി. റാഫേൽ.—പട്ടണപരിഷ്കരണമാണു് അവർ ആവശ്യപ്പെട്ടതു്.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ.—അതു് എന്തൊക്കെയാണെന്നു് രജിസ്ട്രാർ അവർകൾക്കറിയാമോ?

മിസ്റ്റർ പി. വി. റാഫേൽ.— കുറച്ചൊക്കെ അറിയാം.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ.—അവിടെയുള്ള പ്രതിനിധികം ആവശ്യപ്പെട്ട മാതിരി പണം ചിലവു ചെയ്തുവരുന്നുണ്ടോ?

മിസ്റ്റർ പി. വി. റാഫേൽ.—അതിലധികം പണം ചിലവു ചെയ്യുന്നുണ്ടു്.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ.—അപ്പൻറിക്സിൽ പറഞ്ഞിരിക്കുന്നതു് "രണ്ടാം നമ്പ്ര റസലൂഷനു കാരണം പഞ്ചായത്തു് മുഖാന്തിരം ഒരു സ്കീം തയ്യാറാക്കി പരിഷ്കരണം നടത്തുന്നതായാൽ അതിലേയ്ക്കു വേണ്ടുന്ന സംഖ്യ അനുവദിച്ചു കിട്ടുന്നതു് അസാദ്ധ്യമാണെന്നു ബോദ്ധ്യപ്പെട്ടിരിക്കുന്നതുകൊണ്ടു് ഈ റസലൂഷൻ പാസാക്കാനിടയായതാണെന്നു് ഇന്നത്തെ യോഗത്തിലെ മെമ്പർമാർ അഭിപ്രായപ്പെടുകയും വിവരം പഞ്ചായത്തു രജിസ്ട്രാക്കു് എഴുതി അയപ്പാനും തീരുമാനിച്ചു" ഇതു ഗവമ്മെണ്ടിൻെറ തീരുമാനത്തിനുവേണ്ടി സമർപ്പിച്ചു് ഗവമ്മെണ്ടിൻെറ ഒരുത്തരവു വാങ്ങുവാൻ രജിസ്ട്രാർ അവർകൾക്കു തടസ്ഥമുണ്ടായിരിക്കുകയില്ലല്ലൊ?

മിസ്റ്റർ പി. വി. റാഫേൽ.—യാതൊരു തടസ്ഥവുമുണ്ടായിരിക്കുകയില്ല; അതിൻെറ ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

മിസ്റ്റർ കെ. ടി. മാത്യു.—ഒരു താലൂക്കിൻെറ തലസ്ഥാനത്തിനു വേണ്ട സൌകര്യങ്ങളും വടക്കാഞ്ചേരിക്കില്ലേ?

മിസ്റ്റർ പി. വി. റാഫേൽ.—സൌകര്യങ്ങളൊക്കെയുണ്ടു്. കുന്നംകുളത്തുള്ളതുപോലുള്ള സൌകര്യങ്ങളില്ലെന്നേയുള്ളു. കുന്നംകുളം അധികം ജനസംഖ്യയുള്ള ഒരു പട്ടണമാണു്.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ—ഈ രൂപാ എന്തെങ്കിലും ഒരു പദ്ധതിയനുസരിച്ചു് ചിലവാക്കുവാനാണോ വിചാരിക്കുന്നതു്?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. വി. റാഫേൽ.—അങ്ങിനെ തന്നെയാണു്. ശ താഗത സൌകര്യങ്ങൾ, ജലസൌകര്യങ്ങൾ, ലെട്രീൻസു്, സ്കൂ വഞ്ചിംഗ് മുതലായവയ്ക്കു ഈ തുക മതിയാകുമെന്നാണു കാണുന്നതു്. അതെല്ലാം അതാതു ആവശ്യം പോലെ ചിലവാക്കുകയും ചെയ്യുവരുന്നുണ്ടു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—ഇപ്പോൾ അനുവദിച്ചിട്ടുള്ള സംഖ്യ ഇന്നയിന്ന ഇനങ്ങൾക്കു് ഇത്രയിത്ര വീതം കൊല്ലത്തോറും ചിലവു ചെയ്യുവാനായിട്ടു ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ?

മിസ്റ്റർ പി. വി. റാഫേൽ.—ഇല്ല.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—അങ്ങിനെ ചെയ്യുന്നതു് പട്ടണപരിഷ്കരണത്തിനു ഉപയോഗപ്രദമായിതീരുമെന്നു് തവ മ്മെണ്ടിനു ബോദ്ധ്യമുണ്ടോ?

മിസ്റ്റർ പി. വി. റാഫേൽ—ഉണ്ടു്. ചെയ്യാൽ നന്നായിരിക്കയും ചെയ്യും.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—അപ്രകാരം അങ്ങിനെ ചെയ്യാതിരിക്കുവാൻ വല്ല കാരണവുമുണ്ടോ? ഇനിയെങ്കിലും ഒരു പദ്ധതി തയ്യാറാക്കുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ പി. വി. റാഫേൽ.—ഇപ്പോൾ അതു് ആവശ്യമാണെന്നു തോന്നുന്നില്ല.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—വടക്കാഞ്ചേരിക്കു അതാവശ്യമാണെന്നു കണ്ടാൽ ഒരു സ്കീം തയ്യാറാക്കുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ പി. കൃഷ്ണമേനോൻ.—ഈ നാലഞ്ചു കൊല്ലംകൊണ്ടു് ചെയ്യേണ്ട ജോലികളിൽ അതാവശ്യവും ആദ്യം ചെയ്യേണ്ടതു് ഏതെല്ലാമാണെന്നു അനേഷിച്ചിട്ടുണ്ടോ?

മിസ്റ്റർ പി. വി. റാഫേൽ.—അനേഷിച്ചിട്ടില്ല. ആവശ്യം പോലെ ചെയ്തുകൊടുക്കുന്നുണ്ടു്. അയ്യായിരം രൂപാ ചോദിച്ചു. എന്നാൽ ഒരുവർഷം രൂപായോളം അവർ ആവശ്യപ്പെട്ട പണികൾക്കു കൊടുത്തിട്ടുണ്ടെന്നു തോന്നുന്നു.

മിസ്റ്റർ പി. കൃഷ്ണമേനോൻ.—അവർ ആവശ്യപ്പെട്ടതനുസരിച്ചാണു് കൊടുത്തിട്ടുള്ളതെങ്കിൽ അതാവശ്യമായി ആദ്യത്തെ കൊല്ലം ചെയ്യാമെന്നു പറഞ്ഞ പണികളേതെല്ലാമാണു്?

മിസ്റ്റർ പി. വി. റാഫേൽ.—നോട്ടീസുവേണം.

മിസ്റ്റർ ജോസഫ് പെട്ട.—ലെട്രീൻ സ്ഥാപനത്തിനു ഇരിങ്ങാലക്കുടയ്ക്കു് എത്ര സംഖ്യ അനുവദിച്ചിട്ടുണ്ടെന്നറിയാമോ?

മിസ്റ്റർ പി. വി. റാഫേൽ.—അവിടേയും കുറെ സംഖ്യ ചിലവു ചെയ്തിട്ടുണ്ടു്. എത്രയാണെന്നു ഇപ്പോൾ പറയുവാൻ വിഷമമാണു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. ടി. മാത്യു.—വടക്കാഞ്ചേരി തലപ്പിള്ളി താലൂക്കിന്റെ തലസ്ഥാനമാണെന്നു ശ്രദ്ധിക്കുമോ?

മിസ്റ്റർ പി. വി. റാഫേൽ.—അതു് ഒരു സെൻട്രൽസ്ഥലമാണെന്നറിയാം.

Executive Officers for Municipalities—appointment of—

229. Mr. C. A. Ouseph.—Will the Government be pleased to state whether they have considered the question of appointing executive officers for the Municipalities of the State?

Rama Varmha Tampuran.—Yes. Government think that the suggestion is not practicable on financial grounds.

Messrs. Thomas Kallukaran and N. Sankunny Nambidi—Service.

230. Mr. P. Raman Menon.—Will the Government be pleased to state:—

(a) the total service under the Government put in by Mr. Thomas Kallukaran (the present Sub-Magistrate of Kanayannur) and Mr. Sankunny Nambidi (the present Manager of the Chief Court);

(b) whether both of them were acting as Magistrates at the same time;

(c) who is the senior of the two;

(d) whether the confirmation of Mr. Thomas Kallukaran is in violation of the present Standing Order No. 16?

Rama Varmha Tampuran.—(a) Service on 1st Kumbham 1108.

	Yrs.	M.	D.
Mr. Thomas Kallukaran	8	5	25
Mr. N. Sankunni Nambidi	18	7	7

(b) Yes.

(c) Mr. Thomas Kallukaran

(d) No.

Productivity of land—steps to increase.

231. Mr. K. M. Ibrahim.—Will the Government be pleased to place on the table a statement containing the productivity (both in kind and in money value) of an average acre of land in the State for the last ten years and say what they intend to do to increase the producing capacity of our land?

Mr. U. Kandar Menon.—The subject matter of the question comes within the purview of the Economic Survey ordered

LIBRARY ARCHIVES Kerala Legislative Assembly

APPENDIX II.

(*Vide answer to Question No. 208*).

Letter dated 4th Mithunam 1108 from His Highness Rama Varma Appan Thampuran.

I feel it inconvenient as well as impracticable to continue as the Chairman of the Vernacular Elementary Education Enquiry Committee. I therefore request you to kindly inform the Government that I have hereby resigned the Chairmanship of the said Committee.

APPENDIX III.

(*Vide answer to Question No. 218*).

Report dated 31st May 1933, C. No. 2618/1108, from the Anchal Superintendent.

Subject —Anchl bag to Chowwara—delay in despatch of.

Ref.—O. M., Ez. 15836/08, dated 29th May 933.

The usual C. S. Out mail from Ernakulam missed the train on 28th May 1933 as it was too late when it was despatched from the Anchal Office. All the bags included in the mail were however despatched by the 2nd train which starts from Ernakulam at 8 a. m. The officer responsible is the acting Anchal Master, Kumara Menon and a copy of his explanation is herein enclosed. This is the third time that the Railway Mail was missed during the short space of nearly 5 months since Kumara Menon was Anchal Master. The fact is that Ernakulam being the most important Anchal Office requires a more energetic and experienced Anchal Master.

(Sd.)
Anchal Superintendent.

APPENDIX IV—(a).

(*Vide answer to Question No. 228*).

Resolution No. 2 dated 6th Meenam 1108, passed by the Vadakkancheri Panchayat.

വടക്കാഞ്ചേരി പട്ടണം തലപ്പള്ളി താലൂക്കിന്റെ തലസ്ഥാനമാകയാലും ഒരു തലസ്ഥാനപട്ടണത്തിനു വേണ്ടുന്നതായ ഗതാഗത മാർഗ്ഗങ്ങളുമുതലായ സൌകര്യങ്ങളും വേണ്ടവിധം ഇല്ലാത്തതിനാലും കുന്നംകുളം പട്ടണത്തിന്റെ ഇപ്പോഴത്തെ സ്ഥിതിക്കു കാരണം ഗവർമ്മെണ്ടിൽനിന്നും പട്ടണപരിഷ്കരണത്തിനു വേണ്ടുന്ന ഏർപ്പാടുകളും എല്ലാം നേരിട്ടു നടത്തിയതിനാൽ അയ്യകൊണ്ടും ഈ പട്ടണപരിഷ്കാരത്തിലേക്കു ടൌൺ ഇംപ്രൂവ്മെണ്ടു കമ്മിറ്റി ഏർപ്പാടു ചെയ്യുന്ന ഗവർമ്മെണ്ടിൽനിന്നും നേരിട്ടു ഭരണം നടത്തുന്നതു നന്നായിരിക്കുമെന്നും എന്നാൽ അതിലേക്കു ഉദ്ദേശം ൫ ൪,൦൦൦ ക. വരെ ചിലവു് മൊത്തമായി വേണ്ടി വരുന്നതാണെന്നും അതു ഒരുമിച്ചു അനുവദിച്ചു കിട്ടുവാൻ എളുപ്പമല്ലാത്തതിനാൽ നാലഞ്ചുകൊല്ലമായിട്ടെങ്കിലും അനുവദിച്ചു കിട്ടേണ്ടതാണെന്നും കമ്മിറ്റിയെ ഇപ്പോഠംതന്നെ നിശ്ചയിച്ചു എന്തെല്ലാം പരിഷ്കാരങ്ങളാണു് വേണ്ടതെന്നു കാട്ടി Scheme തയ്യാറാക്കിക്കേണ്ടതാണെന്നും ഈ യോഗത്തിലെ മെമ്പർമാർ അഭിപ്രായപ്പെടുകയും വിവരം ഗവർമ്മെണ്ടിലേക്കു അറിയിപ്പാനായി വില്ലേജ് പഞ്ചായത്തു രജിസ്ട്രാർ അവർകൾക്കു എഴുതി അയപ്പാൻ തീരുമാനിക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

Resolution No. 2-A dated 6th Meenam 1108, passed by the Vadakkancheri Panchayat.

ഫ -ാംനമ്പ റസല്യൂഷന്റ കാരണം പഞ്ചായത്തു മുഖാന്തിരം ഒരു Scheme തയ്യാറാക്കി പരിഷ്കരണം നടത്തുന്നതായാൽ അതിലേക്ക വേണ്ടുന്ന സംഖ്യ അനുവദിച്ചു കിട്ടുന്നതു അസാദ്ധ്യമാണെന്നു ബോദ്ധ്യപ്പെട്ടിരിക്കുന്നതുകൊണ്ടു ഈ റസല്യൂഷൻ പാസാക്കാൻ ഇടയായതാണെന്നു ഇന്നത്തെ യോഗത്തിലെ മെമ്പർമാർ അപേക്ഷ യപ്പെടുകയും വിവരം പഞ്ചായത്തു രജിസ്ട്രാർ അവർകൾക്ക എഴുതി അയപ്പാനും തീരുമാനിച്ചു

APPENDIX IV —(b).

Letter dated 23rd Meenam 1108 C. 3496/1108, from the Registrar of Village Panchayats, to the President, Vadakkancheri Panchayat.

ഫ്രം വ മീനം ഫ ൻ-ാംനു യിൽ C. ൻ ൈ /൨൧ .൦൦ ൦൯൯ന യി അയച്ച എഴുത്തു കിട്ടി.

അതിലെ താല്പര്യപ്രകാരം സ്ഥലത്തിന്റെ പ്രാധാന്യത്തെയും പണത്തിന്റെ സ്ഥിതിയേയും അനുസരിച്ചു വടക്കാഞ്ചേരി പട്ടണത്തിന്റെ Improvement കാര്യത്തെപ്പറ്റി ഗവൺമെണ്ടിൽ നിന്നും വേണ്ടതു പ്രവൃത്തിച്ചു വരുന്നുണ്ടെന്നുള്ള വിവരം അറിവാൻ താല്പര്യപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly